(ബി) എത്ര ഹെക്ടർ സ്ഥലമാണ് കാച്ച്മെന്റ് ഏരിയയായി ഏറ്റെടുത്തിട്ടുള്ളത് ;

(സി) സർക്കാർ കണക്ക് പ്രകാരം എത്ര തേക്ക് മരങ്ങളാണ് പ്ലാന്റ് ചെയ്ത തെന്നും ആയതിന് എത്ര ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വിശദ മാക്കാമോ ?

ഉത്തരം

(എ) 115.384 ഹെക്ടർ സ്ഥലത്ത് വനംവകുപ്പ് തേക്ക് വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) 115.384 ഹെക്ടർ സ്ഥലമാണ് കാച്ച്മെന്റ് ഏരിയ ആയി ഏറ്റെടുത്തിട്ടുള്ളത്.

(സി) 115.384 ഹെക്ടർ സ്ഥലത്താണ് തേക്ക് പ്ലാന്റ് ചെയ്തത്. ഇത് 1964-65 കാലഘട്ടത്തിലാണ് പ്ലാന്റ് ചെയ്തത്. ഡിവിഷൻ ആഫീസിലും റെയിഞ്ചാഫീസിലും ബന്ധപ്പെട്ട രേഖകൾ കണ്ടെത്താൻ കഴിയാത്തതിനാൽ നാളിതുവരെ ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

നെല്ലിയാമ്പതി, വയനാട്, മൂന്നാർ എന്നിവിടങ്ങളിലെ അന്തരീക്ഷ ഊഷ്മാവിലെ വ്യതിയാനം

115 [T1833] ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. എ. വാഹീദ് :
„ കടവൂർ ശിവദാസൻ :
„ പി. ടി. തോമസ് :
„ കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെല്ലിയാമ്പതി, വയനാട്, മൂന്നാർ എന്നീ സ്ഥലങ്ങളിലെ ഇപ്പോഴത്തെ അന്തരീക്ഷ ഊഷ്മാവിലുള്ള വ്യത്യാസം വനം നശീകരണംമൂലമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സൈലന്റ് വാലി വനപ്രദേശത്തുള്ള ജന്തു സസ്യജാലകങ്ങളെ സംബന്ധിച്ച് പഠനം

116 [T1834] ശ്രീ. സി. പി. മുഹമ്മദ് :
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. എ. ചന്ദ്രൻ :
„ ബി. വിജയകുമാർ :
„ എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സൈലന്റ്‌വാലി വനപ്രദേശത്തുള്ള ജന്തു സസ്യജാലങ്ങളെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ബൊട്ടാണിക്കൽ സർവേ ഓഫ് ഇൻഡ്യയുമായി സഹകരിച്ചുകൊണ്ട് സൈലന്റ്‌വാലി വനപ്രദേശത്തെ സസ്യജാലങ്ങളെ സംബന്ധിച്ച് ഒരു പഠനം നടത്തി അവിടുത്തെ സസ്യങ്ങളെ ഡോക്കുമെന്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ;

(സി) വംശനാശം വന്ന ചെടികളെയോ മറ്റു സസ്യങ്ങളെയോ പ്രസ്തുത വനത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചില ജീവജാലങ്ങളെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ സപുഷ്പികളായ സസ്യങ്ങളെ ഡോക്കുമെന്റ് ചെയ്തിട്ടുണ്ട്. ബോട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയും സൈലന്റ്‌വാലിയിലെ സസ്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പുഷ്പിക്കാത്ത സസ്യവിഭാഗങ്ങളായ ആൽഗകൾ, ബ്രയോഫൈറ്റുകൾ, കൂണുകൾ തുടങ്ങിയവയുടെ ഡോക്യുമെന്റേഷന് ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ഗവേഷണപദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

(സി) വംശനാശം വന്നു എന്ന് കരുതിയ പല സസ്യങ്ങളേയും സൈലന്റ് വാലി വനത്തിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ചില പുതിയ ഇനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

തൃശ്ശൂർ ജില്ലയിൽ വനംവകുപ്പിലെ താൽക്കാലിക വാച്ചർമാരുടെ വേതനം

117 [T1835] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ വനംവകുപ്പിലെ താല്ക്കാലിക വാച്ചർമാർക്ക് ഏതുമാസം വരെയുള്ള വേതനം വിതരണം ചെയ്തിട്ടുണ്ടെന്ന് പറയാമോ ;

(ബി) എത്രമാസത്തെ കുടിശ്ശിക വേതനമാണ് ഇവർക്ക് നൽകാനുള്ളത് ;

(സി) ഈ വിഭാഗം ജീവനക്കാർക്ക് വേതനം വിതരണം ചെയ്യാൻ ഉണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ പറയാമോ ;

(ഡി) എത്രയും വേഗം കുടിശ്ശിക വേതനം നൽകുവാനും ഭാവിയിൽ എല്ലാ മാസവും നിശ്ചിത തീയതിക്കുള്ളിൽ വേതനം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ ?

† അനുബന്ധം-VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[3-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 116 (T1834) കാണുക]

1. 1850-ൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ റ്റി. സി. ജേർഡൻ കണ്ടെത്തിയ ഇപ്സിയ മലബാറിക്ക എന്ന ഓർക്കിഡിന് വംശനാശം വന്നു എന്നു കരുതിയതാണ്. പ്രസ്തുത ഓർക്കിഡിനെ പിന്നീട് 132 വർഷങ്ങൾക്കുശേഷം 1982-ൽ സൈലന്റ് വാലിയിലെ സസ്യങ്ങളുടെ ക്രോഡീകരണം നടത്തിയപ്പോൾ വീണ്ടും കണ്ടെത്തി. ഇതു കൂടാതെ ബർബോഫില്ലം സൈലന്റ് വാലിയെൻസിസ് ഇവിടെ മാത്രം കാണപ്പെടുന്ന മറ്റൊരു ഓർക്കിഡാണ്.

2. 1845-ൽ ആദ്യമായി കണ്ടെത്തിയ ഇംപെഷ്യൻസ് ബേറോണിക്ക വംശനാശം സംഭവിച്ചു എന്ന് കരുതിയതാണ്. പ്രസ്തുത സസ്യത്തെ വീണ്ടും 1997-ൽ സൈലന്റ് വാലി വനത്തിൽ കണ്ടെത്തി.

3. 1848-ൽ കണ്ടെടുക്കപ്പെട്ട എംബീലിയ ഗാർഡ്നെറിയാന എന്ന സസ്യത്തെ വീണ്ടും 1996-ൽ സൈലന്റ് വാലി വനത്തിൽ കണ്ടെത്തി.

4. 1864-ൽ കണ്ടെത്തിയതിനുശേഷം വംശനാശം വന്നു എന്നുകരുതിയ ഹിഡിയോട്ടിസ് ഹിർസുട്ടിസിമ എന്ന സസ്യത്തെ 1987-ൽ സൈലന്റ് വാലിയിൽ നിന്നും കണ്ടെത്തി.

5. 1910-ൽ കണ്ടെത്തിയതും വംശനാശം വന്നു എന്നു കരുതിയതുമായ നോസ്റ്റാലാക്ക്മാക്രാസ്സിഫോളിയ എന്ന സസ്യത്തെ സൈലന്റ് വാലിയിലെ വനങ്ങളിൽ നിന്നും വീണ്ടും കണ്ടെത്തി.

LIBRARY ARCHIVES Kerala Legislative Assembly